പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം.T 5365 | 31.10.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**കൃത്രിമ മുട്ടകളുടെയും മായം ചേർത്ത പാലിന്റെയും വിപണനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കൃത്രിമ മുട്ടകളുടെയും മായം ചേർത്ത പാലിന്റെയും വിപണനം വർദ്ധിച്ചു വരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി | എങ്കിൽ ഗുണനിലവാരം ഇല്ലാത്തതും മായം ചേർത്തതും കൃത്രിമമായതുമായ പാൽ, മുട്ട എന്നിവയുടെ വിൽപ്പനയും ഇറക്കുമതിയും തടയുന്നതിന് സ്വീകരിച്ച സംവിധാനങ്ങൾ അറിയിക്കുമോ? | ബി) | സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുമുൾപ്പെടെയുള്ള വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സാമ്പിൾ പരിശോധനയ്ക്കെടുക്കുകയും അതിൽ നിശ്ചിത നിലവാരം ഇല്ലാതെ വിൽപ്പന നടത്തുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റേത് ഉൾപ്പെടെയുള്ള സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്.ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതുതായി തുടങ്ങിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധനയ്ക്കായി വിനിയോഗിക്കുന്നതാണ്. കൂടാതെ മറ്റൊരു മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സേവനം കൂടി ഈ വർഷം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി നിരത്തിലിറക്കുന്നതാണ്. എന്നാൽ കൃത്രിമ പാലോ കൃത്രിമ മുട്ടകളോ കേരളത്തിൽ വിൽപന നടത്തുന്നതായികണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ